സർക്കാർ ആശുപത്രികളിലെ ഭക്ഷ്യവസ്തുക്കളുടെ വിതരണം

156(1644) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും സപ്ലൈകോ മുഖേന ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുവാനുള്ള എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

കുന്നത്തുനാട് പി.എച്ച്.സി.കളിൽ രോഗികളെ കിടത്തി ചികിത്സിക്കാൻ നടപടി

157 (1645)ശ്രീ. എം.പി. വർഗ്ഗീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽപ്പെട്ട മഴുവന്നൂർ, പുത്യക്ക, തിരുവാണിയൂർ പി.എച്ച്.സി. കളിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനു വേണ്ട വാർഡുകൾ പണിതും ആവശ്യത്തിന് കിടക്കകളും മറ്റ് സൗകര്യങ്ങളും ഉണ്ടായിട്ടും, രോഗികളെ കിടത്തി ചികിത്സിക്കാതിരിക്കുന്നതിന് കാരണം വ്യക്തമാക്കുമോ;

(ബി) പഞ്ചായത്തുഫണ്ടും, നാട്ടുകാരുടെ സാമ്പത്തിക സഹായവും, എം.പി.ഫണ്ടും ഉപയോഗിച്ച് പണിപൂർത്തീകരിച്ച വാർഡുകളിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആവശ്യമായ ജീവനക്കാരുടെ അഭാവം മൂലം ഇവിടെ കിടത്തി ചികിത്സ ആരംഭിച്ചിട്ടില്ല.

(ബി) പുത്യക്ക, തിരുവാണിയൂർ എന്നീ പി.എച്ച്.സി.കളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. മഴുവന്നൂർ പി.എച്ച്.സി.യിൽ അധിക തസ്തിക സൃഷ്ടിക്കുന്ന കാര്യം നിലവിലുള്ള നിയമമനുസരിച്ച് പരിഗണിക്കാൻ നിർവ്വാഹമില്ല.

കാസർഗോഡ് ജില്ലാ ആശുപത്രിയിൽ സർജനെ നിയമിക്കാൻ നടപടി

158(1646)ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ ആശുപത്രിയിൽ നിലവിലുള്ള ഡോക്ടർമാരുടെ എണ്ണം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ആശുപത്രിയിൽ സർജൻ ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ എത്ര വർഷമായെന്ന് വ്യക്തമാക്കുമോ; സർജനെ നിയമിക്കാതിരുന്നതിന്റെ കാരണം അറിയിക്കുമോ;

(ഡി) പിന്നോക്ക ജില്ല എന്ന പരിഗണന നൽകി സർജനെ നിയമിക്കുവാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 17

(ബി) ഉണ്ട്.

(സി) 3.8.98 മുതൽ അവിടെ സർജൻ ഇല്ല. പ്രസ്തുത ജില്ലയിൽ സർജൻമാരുടെ അഭാവമാണ് ഇതിന്റെ കാരണം.

(ഡി) അടിയന്തിരമായി ഒരു സർജനെ നിയമിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

മലയിടംതുരുത്ത് (പള്ളിക്കര), കുമാരപുരം ആശുപത്രികളിൽ രോഗികളെ കിടത്തി ചികിത്സിക്കാൻ നടപടി

159(1647)ശ്രീ. എം.വി. വർഗ്ഗീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിടംതുരുത്ത് (പള്ളിക്കര), കുമാരപുരം ആശുപത്രികളിൽ ഇപ്പോൾ രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഈ ആശുപത്രികളിൽ രോഗികളെ കിടത്തി ചികിത്സിക്കാതിരുന്നത് എന്നറിയിക്കുമോ;

(സി) ആവശ്യത്തിന് ജീവനക്കാരെ നിയമിച്ച് ഈ ആശുപത്രികളിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(സി) മലയിടംതുരുത്ത് (പള്ളിക്കര), കുമാരപുരം എന്നീ ആശുപത്രികളിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനായി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവപരിഗണനയിലാണ്. തസ്തികകൾ സൃഷ്ടിച്ചശേഷം മാത്രമേ ഈ ആശുപത്രികളിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് കഴിയുകയുള്ളൂ.

പബ്ലിക് ഹെൽത്ത് സെന്ററുകൾ തുറന്നു പ്രവർത്തിക്കാൻ നടപടി

160(1648)ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലയിൽ, ചെങ്കൽ, കുളത്തൂർ, പരണിയം എന്നീ പബ്ലിക് ഹെൽത്ത് സെന്ററുകളിലെ കെട്ടിടങ്ങളുടെ പണി പൂർത്തിയായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പി.എച്ച്.സി.യിൽ പൂർത്തിയായ കെട്ടിടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly